# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *268 13.03.2020-ൽ മറുപടി നൽകേണ്ടത്**

**വിദ്യാർത്ഥികൾക്ക് മികവിന് അനുസൃതമായി പ്രോത്സാഹനം നൽകാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രത്യേക കഴിവും നൈപുണ്യവുമുള്ള വിദ്യാർത്ഥികളെ അവരുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | പ്രത്യേക കഴിവും നൈപുണ്യവുമുള്ള വിദ്യാർത്ഥികളെ അവരുടെ മികവിന് അനുസൃതമായി പ്രോത്സാഹനം നൽകുന്നതിലേക്കായി പൊതുവിദ്യാഭ്യാസം, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ സ്കൂളുകളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | എങ്കിൽ ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) & (സി) | 1. പൊതു വിദ്യാഭ്യാസത്തെ തൊഴിൽ നൈപുണ്യവുമായി കോർത്തിണക്കി വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് 2018-19 അധ്യയനവർഷം മുതൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) പാഠ്യപദ്ധതി നടപ്പിലാക്കിവരുന്നു.<br><br>2. വി.എച്ച്.എസ്.ഇ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, കരിയർ പ്ലാനിംഗ് എന്നിവ നടപ്പിലാക്കി വരുന്നു.<br><br>3. ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയിൽ കരിയർ ഗൈഡൻസ് & അഡോളസന്റ് കൗൺസിലിംഗ് സെൽ (CG&AC) പ്രവൃത്തിച്ചവരുന്നു. 2018-19 അക്കാദമിക വർഷം മുതൽ കരിയർ ഗൈഡൻസ് യൂണിറ്റുകൾ മുഴുവൻ ഗവൺമെന്റ് , എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.<br><br>4. 10-ആം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് അവരവരുടെ അഭിരുചി ഏത് |
| (സി) | സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ മികവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനോ മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ എന്തെങ്കിലും സ്ഥിരം സംവിധാനം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | മേഖലയിലാണ് എന്ന മനസ്സിലാക്കി +1 കോഴ്സിന് ചേരുന്നതിന് K-DAT (Kerala Differential Aptitute Test) സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുണ്ട്<br><br>5. കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കുന്നതിന് ഓരോ വർഷവും കലാപരമായ ഒരു പ്രത്യേക തൊഴിൽ മേഖല തെരഞ്ഞെടുത്ത് അതിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനായി സിത്താർ (SITAR – Students Initiative for Training Artificial Rejuventation) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>6. ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ കാർഷിക പരിസ്ഥിതി വിജ്ഞാനം ശക്തിപ്പെടുത്തുന്നതിന് കൃഷിയിലെ സാംസ്കാരിക അനുഭവങ്ങൾ കണ്ടെത്തുന്നതിനുമായി 'നെല്ല്' പദ്ധതി കരിയർ ഗൈഡൻസ് സെൽ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.